# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 338 | | 23.08.2017 - ൽ മറുപടിക്ക് | |
|---|---|---|---|
| **ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമം** | | | |
| | ചോദ്യം | | മറുപടി |
| | ശ്രീ. പി. മുഹമ്മദ് മുഹസിൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ജി.എസ്.ടി. രജിസ്ട്രേഷൻ ആരൊക്കെയാണ് എടുക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | 20 ലക്ഷം രൂപയിലധികമുള്ള വിറ്റുവരവിന് നികുതി ബാദ്ധ്യതയുണ്ട്. 2017 ലെ എസ്.ജി.എസ്.ടി നിയമം 22-ാം വകുപ്പ് പ്രകാരം ഇന്ത്യയിലെവിടെയെങ്കിലും ഏതെങ്കിലും നികുതിവിധേയ ബിസിനസ്സ് നടത്തുന്ന സപ്ലൈയറുടെയോ അയാളുടെ ഏജന്റിന്റേയോ നടപ്പുവർഷത്തെ വാർഷികവിറ്റുവരവ് 20 ലക്ഷം രൂപയിൽ കൂടുതൽ ആണെങ്കിൽ അയാൾ രജിസ്റ്റർ എടുക്കുവാൻ ബാധ്യസ്ഥനാണ്. 'വാറ്റി'ൽ രജിസ്ട്രേഷൻ ഉണ്ടായിരുന്നവരെല്ലാം നിർബന്ധമായും ജി.എസ്.ടിയിലേക്ക് മൈഗ്രേറ്റ് ചെയ്യേണ്ടതാണ്. കൂടാതെ 2017 ലെ എസ്.ജി.എസ്.ടി. നിയമം 24-ാം വകുപ്പു പ്രകാരം ചരക്കുകളും സേവനങ്ങളും വിതരണം നടത്തുന്ന താഴെ പറയുന്ന വ്യക്തികൾ നികുതി വിധേയ പരിധിനോക്കാതെ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടവർ ആണ്.<br>• അന്തർ സംസ്ഥാന നികുതിവിധേയ വിതരണം നടത്തുന്നവർ<br>• താല്കാലികമായി നികുതി വിധേയ വിതരണം നടത്തുന്നവർ(കാഷ്വൽ ടാക്സബിൾ പേഴ്സൺസ്)<br>• റിവേഴ്സ് ചാർജ് പ്രകാരം നികുതി അടയ്ക്കേണ്ടവർ<br>• നികുതി ബാധ്യത വരുന്ന തരത്തിലുള്ള സേവനങ്ങൾ ചെയ്യുന്ന ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ<br>• നികുതി അടയ്ക്കുന്ന നോൺറസിഡന്റ്സ്<br>• വകുപ്പ്(51) പ്രകാരം സ്രോതസ്സിൽ നികുതി പിടിച്ച് അടയ്ക്കേണ്ടവർ<br>• ഏജന്റ് എന്ന നിലയിലോ അല്ലാ |

| | | | |
|---|---|---|---|
| | | | തെയോ രജിസ്ട്രേഷൻ എടുത്ത, നികുതി വിധേയരായ വ്യക്തികൾക്ക് വേണ്ടി ചരക്കുകളും സേവനങ്ങളും വിതരണം നടത്തുന്നവർ.<br>• ഇൻപുട്ട് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർ<br>• 52-ാം വകുപ്പ് പ്രകാരം സ്രോതസ്സിൽ നികുതി പിരിക്കേണ്ടവർ<br>• ഇന്ത്യക്ക് പുറത്തുനിന്നും ഇന്ത്യയിലുള്ള വ്യക്തികൾക്കായി ഓൺലൈൻ വിവരങ്ങളും ഡാറ്റാബേസ് ആക്സസോ റിട്രീവൽ സർവ്വീസുകളോ ലഭ്യമാക്കുന്നവർ.<br>• കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്രഗവൺമെന്റോ സംസ്ഥാന സർക്കാരോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളും വിഭാഗങ്ങളും. |
| (ബി) | ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വസ്തുക്കളുടെ ഇടപാട് നടത്തുന്നവർ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ; | (ബി) | 2017 ലെ എസ്.ജി.എസ്.ടി. നിയമം 23-ാം വകുപ്പുപ്രകാരം, നികുതി വിധേയമല്ലാത്തതോ അല്ലെങ്കിൽ മൊത്തമായി നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതോ ആയ ചരക്കുകളുടെയോ സേവനങ്ങളുടെയോ ഇടപാട് നടത്തുന്നവർ രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. |
| (സി) | ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമം വിശദീകരിക്കുമോ; | (സി) | രജിസ്ട്രേഷൻ ചട്ടപ്രകാരം രജിസ്ട്രേഷനു ബാധ്യതയുണ്ടാകുന്ന തീയതി മുതൽ 30 ദിവസത്തിനകം നിർദ്ദിഷ്ട നിബന്ധനകൾക്കു വിധേയമായി ഏതോരാളും രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. താല്ക്കാലികമായി നികുതി അടയ്ക്കേണ്ടവരും (കാഷ്വൽ ടാക്സബിൾ പേഴ്സൺ)നിവാസേതര നികുതി വിധേയ വ്യക്തികളും (നോൺ റസിഡന്റ് ടാക്സബിൾ പേഴ്സൺ) ബിസിനസ്സ് ആരംഭിച്ച് 5 ദിവസത്തിനകമെങ്കിലും രജിസ്ട്രേഷനുവേണ്ടി അപേക്ഷ കൊടുക്കേണ്ടതാണ്.<br>എസ്.ജി.എസ്.ടി. നിയമം 22-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷന് ബാദ്ധ്യതയുള്ള ഓരോ വ്യക്തിയും ബിസിനസ്സുള്ള ഓരോ സംസ്ഥാനതലങ്ങളിലും പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.<br>എസ്.ജി.എസ്.ടി. നിയമം 25-ാം വകുപ്പ് പ്രകാരം ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ (വ്യത്യസ്ത വ്യാപാരങ്ങൾ) ഉള്ളയാൾക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജി |

| | | | |
|---|---|---|---|
| | | | സ്ട്രേഷൻ എടുക്കാവുന്നതാണ്.<br>വകുപ്പ്(25) ഉപവകുപ്പ്(3) പ്രകാരം രജിസ്റ്റർ ചെയ്യാൻ ബാധ്യതയില്ലെങ്കിലും 22-ാം വകുപ്പ് പ്രകാരം ഒരു വ്യക്തിക്ക് സ്വന്തം ഇഷ്ടപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർ ചെയ്യുന്നയാൾക്ക് നികുതി ബാധ്യതയുള്ള, രജിസ്റ്റർ ചെയ്തയാളിനുള്ളതുപോലെ ഈ നിയമത്തിന്റെ എല്ലാ വ്യവസ്ഥകളും ബാധകമാണ്.<br>1961-ലെ ആദായനികുതി നിയമപ്രകാരം പെർമനന്റ് അക്കൗണ്ട് നമ്പർ(PAN)ഉള്ള വ്യക്തിക്ക് മാത്രമേ എസ്.ജി.എസ്.ടി. നിയമം 25-ാം വകുപ്പ് ഉപവകുപ്പ്(6) പ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളൂ. എന്നാൽ സ്രോതസ്സിൽ നികുതി പിടിക്കുന്ന ഒരു വ്യക്തിക്ക് 'PAN'നു പകരം ആദായനികുതി നിയമപ്രകാരം നൽകുന്ന Tax Deduction and Collection Account Number മതിയാകും.<br>അതേപോലെ നികുതി അടയ്ക്കുന്ന നോൺ റെസിഡന്റിന് (Nonresident taxbale persons) സെക്ഷൻ 25(7) പ്രകാരം രജിസ്ട്രേഷൻ എടുക്കാൻ പാൻ നിർബന്ധമല്ല. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് അവർക്ക് മറ്റു രേഖകൾ മതിയാകും.<br>എസ്.ജി.എസ്.ടി നിയമം വകുപ്പ് (25) ഉപവകുപ്പ് (8) പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്, നികുതി ബാധ്യതയുള്ള ഒരാൾ രജിസ്ട്രേഷൻ എടുക്കാതിരുന്നാൽ അയാളെ രജിസ്റ്റർ ചെയ്യിക്കുവാനുള്ള നടപടി എടുക്കാം.<br>എല്ലാ ഐക്യരാഷ്ട്ര സംഘടനാ ഘടകങ്ങളും വിദേശരാജ്യങ്ങളുടെ കോൺസുലേറ്റ് എംബസികൾ എന്നിവയും സർക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്ന മറ്റു വിഭാഗത്തിലുള്ള വ്യക്തികളും ജി.എസ്.ടി പോർട്ടലിൽനിന്നും ഒരു യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ എടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഐഡി എല്ലാ സംസ്ഥാനങ്ങളിലും ഒരേ ഘടനയുള്ളതും ജി.എസ്.ടി.ഐ.എൻ ഘടനയോടു പൊരുത്തപ്പെടുന്നതും സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പൊതുവായുള്ളതുമാണ്. അടച്ച നികുതിയുടെ റീഫണ്ട് ചോദിക്കുന്നതിനും ജി.എസ്.ടി നിയമത്തിൽ പറയുന്ന ഏത് ആവശ്യങ്ങൾക്കും യു.ഐ.എൻ ആവശ്യമാണ്.<br>ഇത്തരം സംഘടനകൾക്ക് സപ്ലൈ ചെയ്യുന്ന നികുതി വിധേയ വ്യക്തികൾ ഇൻവോയിസ്സുകളിൽ യു.ഐ.എൻ കാണി |

| | | | |
|---|---|---|---|
| | | | ക്കേണ്ടതാണ്. ഇത്തരം സപ്ലൈകൾ രജിസ്റ്റർ ചെയ്ത മറ്റു ഏതൊരാളിനുമുള്ള സപ്ലൈ പോലെ കണക്കാക്കേണ്ടതും സപ്ലൈയർ ഇൻവോയ്സുകൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്.<br>മറ്റു സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതും എന്നാൽ പുറത്തേയ്ക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാത്തതുമായ (അതിനാൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതില്ലാത്ത) സർക്കാർ അധികാരികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നമ്പർ (യു.ഐ.ഡി) നൽകുന്നതാണ്.<br>രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ജി.എസ്.ടി വെബ്സൈറ്റായ www.gst.gov.in ൽ ഇത് ലഭ്യമാണ്.<br>രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു കഴിയുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭിക്കുന്നതാണ്. |
| (ഡി) | നിശ്ചിത പരിധിയിൽ കുറഞ്ഞ ടേണോവർ ആണെങ്കിലും നിർബന്ധിത രജിസ്ട്രേഷൻ നടത്തേണ്ടവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 2017 ലെ എസ്.ജി.എസ്.ടി നിയമം 24-ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന വ്യക്തികൾ നികുതി വിധേയ പരിധി നോക്കാതെ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടവരാണ്.<br>• അന്തർ സംസ്ഥാന നികുതിവിധേയ വിതരണം നടത്തുന്നവർ<br>• താല്കാലികമായി നികുതി വിധേയ വിതരണം നടത്തുന്നവർ(കാഷ്വൽ ടാക്സബിൾ പേഴ്സൺസ്)<br>• റിവേഴ്സ് ചാർജ് പ്രകാരം നികുതി അടയ്ക്കേണ്ടവർ<br>• നികുതി ബാധ്യത വരുന്ന തരത്തിലുള്ള സേവനങ്ങൾ ചെയ്യുന്ന ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ<br>• നികുതി അടയ്ക്കുന്ന നോൺറസിഡന്റ്സ്<br>• വകുപ്പ്(51) പ്രകാരം സ്രോതസ്സിൽ നികുതി പിടിച്ച് അടയ്ക്കേണ്ടവർ<br>• ഏജന്റ് എന്ന നിലയിലോ അല്ലാതെയോ രജിസ്ട്രേഷൻ എടുത്ത, നികുതി വിധേയരായ വ്യക്തികൾക്ക് വേണ്ടി ചരക്കുകളും സേവനങ്ങളും വിതരണം നടത്തുന്നവർ.<br>• ഇൻപുട്ട് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർ<br>• 52-ാം വകുപ്പ് പ്രകാരം സ്രോതസ്സിൽ |

| | | | |
|---|---|---|---|
| | | | നികുതി പിരിക്കേണ്ടവർ<br>• ഇന്ത്യക്ക് പുറത്തുനിന്നും ഇന്ത്യയിലുള്ള വ്യക്തികൾക്കായി ഓൺലൈൻ വിവരങ്ങളും ഡാറ്റാബേസ് ആക്സസോ റിട്രീവൽ സർവ്വീസുകളോ ലഭ്യമാക്കുന്നവർ.<br>• കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്രഗവൺമെന്റോ സംസ്ഥാന സർക്കാരോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളും വിഭാഗങ്ങളും. |

**സെക്ഷൻ ഓഫീസർ**